BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 33/2018-2020 തീയതി: 25-01-2019

# ത്രിദിന പണിമുടക്ക്

# 2019 ഫെബ്രുവരി 18 മുതൽ 20 വരെ

സഖാവെ,

ആൾ യൂണിയൻസ്/അസോസിയേഷന്റെ കേന്ദ്രകമ്മിറ്റി ഇന്ന് (25-1-2019) ഡൽഹിയിൽ ചേർന്നു. ആൾ യൂണിയൻസ്/അസോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഡി.ഒ.ടി. സ്വീകരിച്ച നടപടികളുടെ പുരോഗതി യോഗം വിലയിരുത്തി. ശമ്പളം പരിഷ്കരണം നടപ്പാക്കുവാൻ വേണ്ടിയുള്ള ഒരു നടപടിയും ഡി.ഒ.ടി. യുടെ ഭാഗത്തുനിന്ന് നാളിതുവരെ ഉണ്ടായിട്ടില്ല. 4ജി സ്പെക്ട്രം അനുവദിക്കുന്ന വിഷയത്തിൽ നീതി ആയോഗും എക്സ്പെന്റിച്ചർ മന്ത്രാലയവും അനാവശ്യമായ തടസ്സവാദങ്ങൾ ഉന്നയിക്കുന്നു. പെൻഷൻ പരിഷ്കരണം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെടുത്തേണ്ടതില്ലയെന്ന മന്ത്രിയുടെ നിർദ്ദേശം ഉണ്ടായിട്ടുപോലും ഡി.ഒ.ടി. തന്നെ ഈ വിഷയത്തിൽ തടസ്സം നിൽക്കുകയാണ്.

ബി.എസ്.എൻ.എൽ. ഇന്നു നേരിടുന്ന അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധി യോഗം ഗൗരവമായി ചർച്ചചെയ്തു. പ്രതിസന്ധി പരിഹരിക്കാൻ ബാങ്ക് ലോൺ എടുക്കാനുള്ള ബി.എസ്.എൻ.എൽ. നീക്കത്തിന് ഡി.ഒ.ടി. തന്നെ ബോധപൂർവ്വം തടസ്സം സൃഷ്ടിക്കുന്നു. അതിന്റെ ഫലമായി വൈദ്യുതബിൽ, കരാർ തൊഴിലാളികളുടെ ശമ്പളം തുടങ്ങിയവ നൽകുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ ബി.എസ്.എൻ.എൽ. മാനേജ്മെന്റിന് കഴിയുന്നില്ല. ബി.എസ്.എൻ.എൽ.ന്റെ വികസനപ്രവർത്തനങ്ങളും ഇതുമൂലം തടസ്സപ്പെടുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച ജി.പി.എഫ്, ഇ.പി.എഫ്., ബാങ്ക് ലോൺ, സൊസൈറ്റി, എൽ.ഐ.സി. തുടങ്ങിയവ യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടയ്ക്കുന്നില്ല.

ബി.എസ്.എൻ.എൽ.ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ വഴികളും ഡി.ഒ.ടി. തന്നെ കൊട്ടി അടക്കുന്നു. മറ്റു സ്വകാര്യ കമ്പനികളോടൊപ്പം മത്സരിച്ച് മുന്നേറാൻ സർക്കാർ ബി.എസ്.എൻ.എൽ.നെ അനുവദിക്കുന്നില്ല. ഒഴിഞ്ഞുകിടക്കുന്ന ബി.എസ്.എൻ.എൽ.ന്റെ ഭൂമികൾ പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനുവേണ്ടി ബി.എസ്.എൻ.എൽ. തയ്യാറാക്കിയ "ലാന്റ് മാനേജ്മെന്റ് പോളിസി" അംഗീകരിക്കാൻ ഡി.ഒ.ടി. തയ്യാറാവുന്നില്ല. ഈ പോളിസി അംഗീകരിച്ചാൽ ബി.എസ്. എൻ.എൽ.ന് പ്രതിവർഷം 7000 - 10,000 കോടിയിലധികം രൂപ വരുമാനം ലഭിക്കും. ഡി.ഒ.ടി. ബോധപൂർവ്വം ഇതിനു തടസ്സം നിൽക്കുന്നു.

ബി.എസ്.എൻ.എൽ.ന്റെ എല്ലാ ടവറുകളുടെയും സംരക്ഷണവും പരിപാലനവും വലിയ തുകയ്ക്കു പുറംകരാർ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. അതിന്റെ ഫലമായി വലിയ തുക ബി.എസ്.എൻ.എൽ. പ്രതിവർഷം നൽകേണ്ടിവരും. തുടക്ക

ത്തിൽ തന്നെ ഈ നീക്കത്തെ ആൾ യൂണിയൻസ്/അസോസിയേഷൻ ശക്തമായി എതിർത്തതാണ്. എന്നാൽ ഈ തീരുമാനവുമായി മുന്നോട്ടുപോകുവാനാണ് ബി.എസ്. എൻ.എൽ. മാനേജ്മെന്റ് ശ്രമം. ബി.എസ്.എൻ.എൽ. ജീവനക്കാർ ഇപ്പോൾ തന്നെ ടവറുകളുടെ സംരക്ഷണവും പരിപാലനവും വളരെ ഭംഗിയായി നിർവ്വഹിച്ചുവരുന്നതിനാൽ ഒരു തരത്തിലുള്ള കരാർവൽക്കരണവും ഈ മേഖലയിൽ ആവശ്യമില്ല. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള തീരുമാനവുമായി മുന്നോട്ടുപോകുന്നത് ശരിയല്ല.

വിശദമായ ചർച്ചകൾക്കുശേഷം, നമ്മുടെ പ്രക്ഷോഭങ്ങൾ പുനരാരംഭിക്കുവാൻ തീരുമാനിച്ചു. അതോടൊപ്പംതന്നെ ഇന്നത്തെ സാഹചര്യത്തിൽ പുതിയ ചില ആവശ്യങ്ങൾകൂടി ഉൾപ്പെടുത്തുവാനും യോഗം ഐക്യകണ്ഠേന തീരുമാനിച്ചു. താഴെപ്പറയുന്ന പ്രക്ഷോഭ പരിപാടികൾക്ക് ഇന്നുചേർന്ന യോഗം തീരുമാനമെടുത്തു.

1. **2019 ഫെബ്രുവരി 18 മുതൽ 20 വരെ മൂന്നുദിവസത്തെ പണിമുടക്ക്.**
2. **പൊതുജനങ്ങളുടെ ഉൾപ്പെടെ പിന്തുണ ലഭിക്കുന്നതിനുവേണ്ടി ഫെബ്രുവരി 11 മുതൽ തുടർച്ചയായ അഞ്ചു ദിവസം തെരുവു യോഗങ്ങൾ.**
3. **സർക്കിൾ, ജില്ലാതലങ്ങളിൽ ഫെബ്രുവരി 12,13 തീയതികളിൽ പത്രസമ്മേളനം.**
4. **എല്ലാ രാഷ്ട്രീയ പാർട്ടികളെയും സന്ദർശിച്ച് എയുഎബി ഉന്നയിച്ച ആവശ്യങ്ങൾ, പ്രത്യേകിച്ച് ബി.എസ്.എൻ.എൽ.ന്റെ പുനർജ്ജീവനത്തിനുവേണ്ടിയിട്ട് എയുബിഎ നടത്തുന്ന പ്രവർത്തനങ്ങൾക്ക് സഹായവും സഹകരണവും അഭ്യർത്ഥിക്കുക.**

**ഡിമാന്റുകൾ:**

1. 15% ഫിറ്റ്മെന്റ് ആനുകൂല്യത്തോടെ 1-1-2017 മുതൽ 3-ാം ശമ്പളപരിഷ്കരണം ബി.എസ്.എൻ.എൽ. ൽ നടപ്പാക്കുക.
2. ബി.എസ്.എൻ.എൽ.മാനേജ്മെന്റ് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 4ജി അനുവദിക്കുക.
3. ബി.എസ്.എൻ.എൽ. പെൻഷൻകാരുടെ പെൻഷൻ 1-1-2017 മുതൽ പരിഷ്കരിക്കുക.
4. ഗവൺമെന്റ് നിയമം അനുസരിച്ച് പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കുക.
5. രണ്ടാം ശമ്പളപരിഷ്കരണ കമ്മീഷൻ നിർദ്ദേശം പൂർണ്ണമായി നടപ്പാക്കുക.
6. എ) ബി.എസ്.എൻ.എൽ.ലിന്റെ ലാന്റ് മാനേജ്മെന്റ് പോളിസിക്ക് അംഗീകാരം നൽകുക.

   ബി) ബി.എസ്.എൻ.എൽ. രൂപീകരണ സമയത്ത് കേന്ദ്രമന്ത്രിസഭ തീരുമാനിച്ച പ്രകാരം എല്ലാ വസ്തുവകകളും ബി.എസ്.എൻ.എൽ.ന് കൈമാറുക.
7. ബി.എസ്.എൻ.എൽ. രൂപീകരണ സമയത്ത് കേന്ദ്രമന്ത്രിസഭ തീരുമാനിച്ച പ്രകാരം ബി.എസ്.എൻ.എൽ. ന് സാമ്പത്തികസഹായം അനുവദിക്കുക. ബി.എസ്.എൻ. എൽ.ന്റെ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുക, ബി.എസ്.എൻ.എൽ.ന് ബാങ്ക് ലോൺ എടുക്കുന്നതിനാവശ്യമായ അനുവാദം (Letter of Comfort) ഡി.ഒ.ടി. നൽകുക.
8. ബി.എസ്.എൻ.എൽ. ടവറിന്റെ സംരക്ഷണവും പരിപാലനവും പുറംകരാർ കൊടുക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക.

അഭിവാദനങ്ങളോടെ,

**സി. സന്തോഷ് കുമാർ,**
സർക്കിൾ സെക്രട്ടറി.